ഭരണഭാഷ – മാതൃഭാഷ

**സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്**
**തിരുവനന്തപുരം**

നമ്പർ. DTETVM/8050/2025-C3 (ACA) തീയതി: 22-09-2025

**പരിപത്രം**

വിഷയം:- വിദ്യാഭ്യാസം സാങ്കേതികം - സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്, - അക്കാദമിക് (എ) സെക്ഷൻ - അംഗീകൃത വ്യവസായ സ്കൂളുകളിലെ അദ്ധ്യാപകർക്ക് - 2025-2026 - വർഷത്തേയ്ക്കുള്ള ഉത്സവ ബത്ത - അനുവദിക്കുന്നതിനുള്ള അപേക്ഷകൾ അയക്കുന്നത് - സംബന്ധിച്ച്.

സൂചന :- 26.08.2025 തിയതിയിലെ സ.ഉ. (അച്ചടി) നം.107/2025/ധന നമ്പർ സർക്കാർ ഉത്തരവ്.

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന അംഗീകൃത വ്യവസായ സ്കൂളുകളിലെ രണ്ടു വീതം അദ്ധ്യാപകർക്ക് 2025-26 വർഷത്തേയ്ക്കുള്ള ഉത്സവ ബത്ത അനുവദിക്കുന്നതിനായി അപേക്ഷകൾ രജിസ്റ്റേർഡ് തപാലിൽ അയച്ചു തരേണ്ടതാണ്. അപേക്ഷയോടൊപ്പം ചുവടെ പറയുന്ന രേഖകൾ നിർബന്ധമായും ഉള്ളടക്കം ചെയ്യേണ്ടതാണ്. അപൂർണമായ അപേക്ഷകൾ നിരസിക്കുന്നതായിരിക്കും.

1. സ്ഥാപനമേധാവിയുടെ അപേക്ഷ.
2. അദ്ധ്യാപകരുടെ ബാങ്ക് അക്കൗണ്ട് പാസ് ബുക്കിൻറെ പകർപ്പ്.
3. ഉത്സവ ബത്തക്ക് അർഹരായ അദ്ധ്യാപകർക്ക് ഈ ഓഫീസിൽ നിന്നും ലഭിച്ച നിയമന ഉത്തരവിൻറെ കോപ്പി.
4. സ്ഥാപനത്തിന് നല്കിയിട്ടുള്ള അംഗീകാരപത്രികയുടെ പകർപ്പ്.

മേൽ പരാമർശിച്ച രേഖകൾ 30.09.2025 തീയതിക്ക് മുമ്പായി ഈ കാര്യാലയത്തിൽ സമർപ്പിക്കേണ്ടതാണ്.

Shibu R S
DEPUTY DIRECTOR GENERAL

സ്വീകർത്താവ്,

1. ഈ വകുപ്പിന് കീഴിലുള്ള എല്ലാ വ്യവസായിക സ്കൂൾ അദ്ധ്യാപകർക്കും സ്ഥാപനമേധാവികൾക്കും (www.dtekerala.gov.in എന്ന വെബ്സൈറ്റ് മുഖാന്തിരം).

Signed by
Shibu R S
Date: 22-09-2025 08:48:20